ANNEXURE-2

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും പുനരധിവാസവും വകുപ്പ്- സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തൊഴിലും പുനരധിവാസവും (ജെ) വകുപ്പ്

CHIAK TRIVANDRUM 29 NOV 2010 00125 Ex. Director

സ.ഉ. (എം.എസ്.) നമ്പർ. 142/2010/തൊഴിൽ. തീയതി, തിരുവനന്തപുരം, 25/11/2010.

=====================================================================

പരാമർശം: 1. സ.ഉ. (പി) നം. 95/2008/തൊഴിൽ. തീയതി 04/07/2008.

2. ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29/10/2010 ലെ ചിയാക്/2010/847/Govt. നമ്പർ കത്ത്.
3. ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/10/2010 ലെ ചിയാക്/2010/848/Govt. നമ്പർ കത്ത്.
4. ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04/11/2010 ലെ ചിയാക്/2010/871/Govt. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. പട്ടികയിലുൾപ്പെട്ട എല്ലാ കുടുംബങ്ങളെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിഭാഗങ്ങളെക്കൂടി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പ്രകാരമുള്ള പ്രതിമാസ വരുമാന പരിധി 600/- രൂപയായി നിജപ്പെടുത്തണമെന്നും, ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പ്രകാരമുള്ള രജിസ്ട്രേഷൻ സംബന്ധമായ നടപടികൾക്ക് വേണ്ടുന്ന സാങ്കേതിക സഹായം കെൽട്രോണിൽ നിന്നും സ്വീകരിച്ചതിനും, രജിസ്ട്രേഷൻ സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തുന്നതിനും സ്വീകരിച്ച നടപടികൾ സാധൂകരിക്കണമെന്നും പരാമർശം 2 മുതൽ 4 വരെ കത്ത് പ്രകാരം ചിയാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ സംബന്ധമായ നടപടികൾക്ക് വേണ്ടുന്ന സാങ്കേതിക സഹായം കെൽട്രോണിൽ നിന്നും സ്വീകരിച്ചതിനും, രജിസ്ട്രേഷൻ സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തുന്നതിനും ചിയാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിച്ച നടപടികൾ സാധൂകരിച്ചുകൊണ്ടും, പദ്ധതി ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പ്രകാരമുള്ള പ്രതിമാസ വരുമാന പരിധി 600/- രൂപയായി നിജപ്പെടുത്തിക്കൊണ്ടും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർത്തിട്ടുള്ള വിഭാഗങ്ങൾക്ക് കൂടി അനുവദിച്ചുകൊണ്ടും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) റേഷൻ കാർഡിൽ 600/- രൂപയോ അതിൽ കുറവോ പ്രതിമാസ വരുമാനമുള്ളവർ.

(ബി)

1) പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ
2) മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

(സി) താഴെപ്പറയുന്ന ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ/പെൻഷൻകാർ ഉൾപ്പെടുന്ന കുടുംബങ്ങൾ

1) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്
2) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
3) കയർ/കൈത്തറി/തയ്യൽ/ബീഡി/ ഈറ്റ-പനമ്പ്, കാട്ടുവള്ളി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
4) കേരള ലോട്ടറി ഏജൻസ് ആന്റ് സെല്ലേഴ്സ് ക്ഷേമനിധി ബോർഡ്

(ഡി) താഴെപ്പറയുന്ന ക്ഷേമ പദ്ധതികളിലെ അംഗങ്ങൾ/പെൻഷൻകാർ ഉൾപ്പെടുന്ന കുടുംബങ്ങൾ

1) അലക്ക്/ ബാർബർ/ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി
2) കൈത്തൊഴിലാളി/ വിദഗ്ദ്ധത്തൊഴിലാളി ക്ഷേമ പദ്ധതി

(.........2)

(ഇ) താഴെപ്പറയുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ വാങ്ങുന്നവർ

1) കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡ്
2) കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
3) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
4) അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
5) മോട്ടോർത്തൊഴിലാളി ക്ഷേമനിധി ബോർഡ്
6) ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്

(എഫ്) മറ്റ് വിഭാഗങ്ങൾ

1) ആശ്രയ കുടുംബങ്ങൾ
2) അംഗനവാടിത്തൊഴിലാളികൾ/സഹായികൾ.
3) എൻഡോസൾഫാൻ ദുരന്ത ബാധിതർ.
4) ആശ വർക്കേഴ്സ്
5) ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 15 ദിവസമെങ്കിലും പണിയെടുത്തവർ.
6) ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ/സ്വയം തൊഴിൽ ചെയ്യുന്നവർ.
7) കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ.
8) വീട്ടുവേലക്കാർ
9) കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾ
10) മരം കയറ്റത്തൊഴിലാളികൾ
11) തെരുവു കച്ചവടക്കാർ
12) കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട കുടുംബങ്ങൾ
13) വികലാംഗർ ഉൾപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾ
14) 2008-ലെ അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർ
15) ടാക്സി-ആട്ടോറിക്ഷ ഡ്രൈവർമാർ
16) സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും വർദ്ധ്യകാല പെൻഷൻ/വിധവാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർ (റേഷൻ കാർഡോ വരുമാന പരിധിയോ ബാധകമല്ല)
17) അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ (റേഷൻ കാർഡോ വരുമാന പരിധിയോ ബാധകമല്ല)

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ആർ. ആൽബർട്ട്
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ലേബർ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ചിയാക്
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-

തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ